(ബി) 2014-15 വർഷത്തിൽ 134 പട്ടികവർഗ്ഗ സങ്കേതങ്ങളും, 2015-16 വർഷത്തിൽ 50 പട്ടികവർഗ്ഗ സങ്കേതങ്ങളെയും പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു* .

(സി) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിനും ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും മുൻതൂക്കം നൽകുന്ന പദ്ധതികളാണ് ടി പദ്ധതി വഴി നടപ്പിലാക്കി വരുന്നത്.

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം, വൈദ്യുതി, ശുചിത്വ പരിപാടികൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവും, അടിസ്ഥാന സൗകര്യ വികസനവും, മെച്ചപ്പെട്ട ആരോഗ്യ പ്രവർത്തനങ്ങൾ, പോഷകാഹാരം നൽകുക, കൃഷി, മൃഗസംരക്ഷണം, സ്വയം തൊഴിൽ പദ്ധതി വഴി ജീവനോപാധി പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുതലായ വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എസ്.ടി.എസ്.പി. യുമായി സംയോജിച്ച് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.

(സി) പട്ടികവർഗ്ഗക്കാർ താരതമ്യേന കൂടുതലുള്ള പ്രദേശം, സാമ്പത്തിക-ഭൗതിക സാഹചര്യങ്ങളിൽ പിന്നോക്കാവസ്ഥയുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളെയാണ് സുസ്ഥിരവികസന പദ്ധതിയിൽ തെരഞ്ഞെടുക്കുന്നത്.

ആദിവാസികളുടെ ആരോഗ്യരക്ഷാ പദ്ധതികൾ

281 (668) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള വകുപ്പിലെ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; അവ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആദിവാസികളുടെ ആരോഗ്യരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതികളുടെയും വിശദാംശങ്ങളും അവ നടപ്പാക്കുന്ന രീതിയും വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സഹായിക്കാൻ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ/ഹെൽത്ത് പ്രൊമോട്ടർമാർ എന്നിവരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

ആരോഗ്യ പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പട്ടികവർഗ്ഗ വികസന വകുപ്പ് മോണിറ്ററിംഗ് നടത്തിവരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി എല്ലാ മാസവും ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ അദ്ധ്യക്ഷതയിൽ അവലോകന യോഗം, ജില്ലാ മെഡിക്കൽ ഓഫീസർ കൺവീനറായി ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി, പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സർക്കാർതല മോണിറ്ററിംഗ് കമ്മിറ്റി എന്നിവ യോഗം ചേർന്ന് ആരോഗ്യ പദ്ധതികൾ കുറ്റമറ്റരീതിയിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ സംസ്ഥാനത്ത് അഞ്ച് ഒ.പി. ക്ലിനിക്കുകളും 18 ആയുർവേദ ഡിസ്പെൻസറികളും, 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവൃത്തിക്കുന്നുണ്ട്.

ആദിവാസികളുടെ ആരോഗ്യരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിക്കുന്ന വിശദാംശം ചുവടെ ചേർക്കുന്നു:

1. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി:

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയാണിത്. എ.പി.എൽ./ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാർക്കും 10,000 രൂപവരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ. വിഭാഗത്തിലെ

LIBRARY ARCHIVES Kerala Legislative Assembly